**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **28-01-2026 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കശുവണ്ടി, മുള, കയർ, കൈത്തറി, ഖാദി, കരകൗശല മേഖലകളിൽ തൊഴിൽ സംരക്ഷണം, ഉപജീവന സുരക്ഷ, ആധുനിക വൽക്കരണം, ഉത്പാദനക്ഷമത വർധന, വിപണന സഹായം എന്നിവ ലക്ഷ്യമാക്കി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് അവ നടപ്പിലാക്കി വരികയാണ്.<br><br>**കശുവണ്ടി മേഖലയിലെ** ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി *“Revival of Small and Medium Scale Cashew Factory Units for Lost Livelihoods”* എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ മൂലധന ഗ്രാന്റും പ്രവർത്തന മൂലധന വായ്പകളിലെ പലിശ സബ്സിഡിയും അനുവദിച്ച് യൂണിറ്റുകളുടെ നവീകരണവും തുടർച്ചയായ പ്രവർത്തനവും ഉറപ്പാക്കുന്നു.<br>കൂടാതെ, *“Revival, Rejuvenation and Resurrection of Private Cashew Industry Sector”* എന്ന പദ്ധതിയിലൂടെ പ്രവർത്തനത്തിലുള്ള യൂണിറ്റുകൾക്ക് ഉൽപ്പാദനവും തൊഴിലവസരങ്ങളും നിലനിർത്തുന്നതിനുള്ള പ്രോത്സാഹനം, സ്ത്രീസൗഹൃദ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടി/ നവീകരണം, ഷെല്ലിംഗ് യൂണിറ്റുകളുടെ ആധുനിക വൽക്കരണം എന്നിവയ്ക്ക് സർക്കാർ സഹായം നൽകി വരുന്നു.<br><br>കശുവണ്ടി മേഖലയിലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള സംസ്കരണ ശാലകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ അസംസ്കൃത വസ്തുവായ തോട്ടണ്ടി ലഭ്യമാക്കുന്നത് പ്രധാനമായി |

കണ്ട് ആയത് ആഭ്യന്തരമായോ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തോ കേരളത്തിലെ കശുവണ്ടി മേഖലയിലെ സംസ്കരണ ശാലകൾക്ക് ന്യായമായ വിലയ്ക്ക് വാങ്ങി നൽകിക്കൊണ്ട് ടി മേഖലയിൽ പരമാവധി തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുവാനായി കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട്

കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യവികസനം, നവീകരണം, ഭാഗീകയന്ത്രവൽക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും ഫാക്ടറികൾ ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള തുമാണ്.

കേരളത്തിലെ **കയർ** വ്യവസായത്തെ സംബന്ധിച്ച പ്രധാന പ്രതിസന്ധി ഗുണമേന്മയുള്ള ചകിരിനാരിന്റെ ലഭ്യതക്കുറവും കയർ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങളുടെ വില സമയബന്ധിതമായി നൽകാൻ സാധിക്കാത്തതുമാണ്. ഗുണമേന്മയുള്ള ചകിരി സംഘങ്ങൾക്ക് നൽകുന്നതിനായി 5 കോടി രൂപയുടെള്ള ഫൈബർ ബാങ്ക് പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. കയർ സംഘങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വില സമയബന്ധിതമായി നൽകുന്നതിന് 10 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട് പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകുകയും ടി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പൂർത്തിയായി വരികയും ചെയ്യുന്നു. കയർ തൊഴിലാളികളുടെ ദിവസക്കൂലി 400 രൂപയാക്കി വർദ്ധിപ്പിക്കുകയും ടി തുകയുടെ 50% സർക്കാർ നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. സംഘങ്ങളിൽ സ്ഥാപിച്ച 465 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ അറ്റകുറ്റപ്പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി വഴി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 4.07 കോടി രൂപയും DF യൂണിറ്റുകൾക്ക് 1.18 കോടി രൂപയും അനുവദിക്കുകയും ഇതുവഴി ചകിരിയുടെ ഉല്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഡീഫൈബറിംഗ് മെഷീൻ എന്നിവയിൽ ജോലി ചെയ്യുന്ന കയർ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ക്യാഷ് ലെസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. നൂതനമായ ഡിസൈനുള്ള

ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് National Institute of Design, Bhopal -മായി ചേർന്ന് 465 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി 3 മാസത്തെ പരിശീലനം നൽകുകയും ഇത്തരത്തിൽ പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു Society രൂപീകരിക്കുകയും ഇവർക്കുവേണ്ടി ഒരു കോമൺ ഫെസിലിറ്റി സെന്റർ രൂപീകരിക്കാൻ 99.5 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**ഖാദി മേഖല**യിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിക്കുകയും പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കു കയുംവഴി സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദിപ്പിക്കുന്നതിനും സാധിച്ചു.

സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തു ന്നതിന് ഖാദി സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഖാദി നിർമ്മാണ യൂണിറ്റുകളിലെ കാലപ്പഴക്കംചെന്ന കെട്ടിടങ്ങളുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ചർക്ക, തറി സ്പെയർ പാർട്സ് വാങ്ങൽ എന്നിവക്കായി ത്രിതല പഞ്ചായത്തിൽ നിന്നും, എം.എൽ.എ. ഫണ്ടിൽനിന്നുമുള്ള തുക ഉപയോഗിച്ച് തുടർപ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മറ്റ് തൊഴിൽ മേഖലകളെ അപേക്ഷിച്ച് കൂലി കുറവായതിനാൽ ടി തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമിൽ സർക്കാർ ഖാദി മേഖലയെ ഉൾപ്പെടുത്തി തുക അനുവദിച്ചു നൽകുന്നു.

**മുള മേഖല**

മുള മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സാമൂഹ്യ–സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി *മുള മേഖലയിലെ തൊഴിലാളികൾക്ക് പ്രോത്സാഹനങ്ങൾ – വിളവെടുപ്പും സംസ്കരണവും* എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ ഈറ്റ വെട്ടുകാർക്കും പായ നെയ്ത്തുകാർക്കും ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ അധിക ധനസഹായം നേരിട്ട് ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കുന്നു.
കൂടാതെ *"Development of Bamboo Related*

*Industries”* എന്ന പദ്ധതിയിലൂടെ മുള അധിഷ്ഠിത കരകൗശല വിദഗ്ധർക്ക് പരിശീലനം, ഉപകരണ സഹായം, ബോധവൽക്കരണം, വിപണന പ്രോത്സാഹനം, Bamboo Innovation Centre പ്രവർത്തനങ്ങൾക്ക് പിന്തുണ എന്നിവ നൽകി വരുന്നു.

ദേശീയ ബാംബൂ മിഷൻ പദ്ധതിയിലൂടെ സ്വകാര്യവും വനമല്ലാത്തതുമായ ഭൂമികളിൽ മുള കൃഷി വ്യാപിപ്പിക്കുന്നതിനും, അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും, മുള അധിഷ്ഠിത സംരംഭകത്വവും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണവും പ്രോത്സാഹിപ്പിക്കു ന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**<u>കരകൗശല മേഖല</u>**

കരകൗശലമേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ നിരവധി പ്രവർത്തനങ്ങൾ കരകൗശല വികസന കോർപ്പറേഷൻ മുഖാന്തിരം സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതായ കരകൗശല ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും അവ സംഭരിക്കുവാനും വിപണനം നടത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പുതിയ ഉൽപ്പന്നങ്ങളുടെ മാതൃകകൾ നിർമ്മിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു. പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്കൊപ്പം പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് കൊണ്ട് പുതിയ ഉൽപ്പന്നങ്ങൾ ഡിസൈൻ ചെയ്യുക, പൊതുസേവന കേന്ദ്രങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉൽപ്പന്നങ്ങൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു.

കരകൗശല വിദഗ്ധർക്കായി *“ആശ”* എന്ന ഒറ്റത്തവണ ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ഥിരാസ്തിക്കും പ്രവർത്തന മൂലധന ത്തിനുമായി പൊതുവിഭാഗങ്ങൾക്കും സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, യുവജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്കും വർദ്ധിത നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു. ഇതോടൊപ്പം, സംസ്ഥാനത്തെ അർഹരായ കരകൗശല വിദഗ്ധർക്കായി വാർദ്ധക്യകാല പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| | | | **കെൽപാമു**മായി ബന്ധപ്പെട്ട് പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി കരിമ്പന ഉത്പന്നങ്ങളായ പനം കരുപ്പെട്ടി, പനം കൽക്കണ്ടം, നൊങ്ക് എന്നിവയുടെ വിപണനത്തിനായി തിരുവനന്തപുരം നഗരപരിധിയിൽ 12 ബങ്ക് കടകൾ ആരംഭിച്ച് വിപണനം നടത്തി വരുന്നു. കൂടാതെ പഞ്ചായത്തുകളുടെയും കോർപ്പറേഷനു കളുടെയും സഹായത്തോടെ കൂടുതൽ ബങ്ക് കടകൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു.<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പരമ്പരാഗത കരകൗശല തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നവീന ഉപകരണങ്ങൾ വാങ്ങുന്നതിനു ടൂൾകിറ്റ് ഗ്രാന്റ് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയും പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• മറ്റു പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ്.<br>• പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾ ക്കായുള്ള വിപണന കേന്ദ്രങ്ങൾ<br><br>**മേൽ പ്രവർത്തനങ്ങൾ കൂടാതെ 60 വയസ്സിനു മുകളിലുള്ള വിശ്വകർമ്മ വിഭാഗത്തിലെ പരമ്പരാഗത കരകൗശല വിദഗ്ധർക്ക് പ്രതിമാസം 1600/- രൂപ പെൻഷനും പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്.** |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ പരമ്പരാഗത വ്യവസായത്തിന്റെ പുരോഗതിക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | **<u>ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം</u>**<br><br>2022-23 ൽ 700 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി 220 ലക്ഷം രൂപ നൽകി.<br><br>2023-24 ൽ 100 ലക്ഷം രൂപ വകയിരുത്തി 43.53 ലക്ഷം രൂപ നൽകി.<br><br>2024-25 ൽ 200 ലക്ഷം രൂപ വകയിരുത്തി 80 ലക്ഷം രൂപ നൽകി. |

2025-26 ൽ 200 ലക്ഷം രൂപ വകയിരുത്തി 70 ലക്ഷം രൂപ നൽകി.

**<u>സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി</u>**

2023-24 ൽ 3000 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി.

2024-25 ൽ 200 ലക്ഷം രൂപ നൽകി.

2025-26 ൽ 200 ലക്ഷം രൂപ വകയിരുത്തി 70 ലക്ഷം രൂപ നൽകി.

**കശുവണ്ടി വികസന കോർപ്പറേഷനിൽ** നിന്ന് വിരമിച്ച 2021 വരെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 20 കോടി രൂപയും ഫാക്ടറികളുടെ നവീകരണം, ആധുനികവൽക്കരണം എന്നിവക്ക് 6.02 കോടി രൂപയും ബ്രാൻഡ് ബിൽഡിംഗ് ന 2.55 കോടി രൂപയും ഇക്കാലയളവിൽ കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. **കാപ്പക്സിൽ** നിന്ന് വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിന് 957 ലക്ഷം രൂപയും ഫാക്ടറികളുടെ നവീകരണം, യന്ത്രവൽക്കരണം എന്നിവയ്ക്ക 306.57 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗ് ന 54.68 ലക്ഷം രൂപയും ഇക്കാലയളവിൽ കാപ്പക്സിന് അനുവദിച്ചിട്ടുണ്ട്. **കശുമാവ് കൃഷി വികസന ഏജൻസിക്ക്** ഇക്കാലയളവിൽ 3366 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 1349.38275 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ **കാഷ്യൂ ബോർഡിന്** 256.51 കോടി രൂപ സർക്കാർ അനുവദിച്ച നൽകിയിട്ടുണ്ട്

**<u>മുള അധിഷ്ഠിത വ്യവസായങ്ങളുടെ വികസനം</u>**

2021-22, 2022-23 വർഷങ്ങളിൽ ഓരോ വർഷവും 120 ലക്ഷം രൂപ വീതം അലോട്ടുചെയ്തു.

2023-24 ൽ 120 ലക്ഷം രൂപ വകയിരുത്തി 45.60 ലക്ഷം രൂപ നൽകി.

2024-25 ൽ 120 ലക്ഷം രൂപ വകയിരുത്തി 34 ലക്ഷം രൂപ നൽകി.

2025-26 ൽ 120 ലക്ഷം രൂപ വകയിരുത്തി 52.50 ലക്ഷം രൂപ നൽകി.

**<u>കരകൗശല മേഖല സ്ഥാപനങ്ങൾക്ക് സഹായം</u>**

| | | | |
|---|---|---|---|
| | | | 2021-22, 2022-23 വർഷങ്ങളിൽ ഓരോ വർഷവും 50 ലക്ഷം രൂപ അലോട്ടുചെയ്തു.<br><br>2023-24 ൽ 50 ലക്ഷം രൂപ വകയിരുത്തി 19 ലക്ഷം രൂപ നൽകി.<br><br>2024-25 ൽ 50 ലക്ഷം രൂപ വകയിരുത്തി 42.45 ലക്ഷം രൂപ നൽകി.<br><br>2025-26 ൽ 50 ലക്ഷം രൂപ വകയിരുത്തി 50 ലക്ഷം രൂപ നൽകി.<br><br>**കരകൗശല മേഖലയിൽ പൊതു സേവന കേന്ദ്രങ്ങൾ ആരംഭിക്കൽ**<br><br>2021-22 ൽ 100 ലക്ഷം രൂപ വകയിരുത്തി 50 ലക്ഷം രൂപ നൽകി.<br><br>2022-23 ൽ 50 ലക്ഷം രൂപ വകയിരുത്തി 39 ലക്ഷം രൂപ നൽകി.<br><br>2023-24 ൽ 50 ലക്ഷം രൂപ വകയിരുത്തി 40 ലക്ഷം രൂപ നൽകി.<br><br>2024-25 ൽ 50 ലക്ഷം രൂപ വകയിരുത്തി 30 ലക്ഷം രൂപ നൽകി.<br><br>2025-26 ൽ 50 ലക്ഷം രൂപ വകയിരുത്തി 4.37 ലക്ഷം രൂപ നൽകി.<br><br>**കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ASHA)**<br><br>2021-22 ൽ 65 ലക്ഷം രൂപ വകയിരുത്തി 15 ലക്ഷം രൂപ നൽകി.<br><br>2022-23 ൽ 30 ലക്ഷം രൂപ വകയിരുത്തി 17.17 ലക്ഷം രൂപ നൽകി.<br><br>2023-24 ൽ 30 ലക്ഷം രൂപ വകയിരുത്തി 11.40 ലക്ഷം രൂപ നൽകി.<br><br>2024-25 ൽ 30 ലക്ഷം രൂപ വകയിരുത്തി 15 ലക്ഷം രൂപ നൽകി.<br><br>2025-26 ൽ 30 ലക്ഷം രൂപ വകയിരുത്തി 10.50 ലക്ഷം രൂപ നൽകി.<br><br>**National Bamboo Mission (കേന്ദ്ര–സംസ്ഥാന പങ്കാളിത്ത പദ്ധതി)** |

2024-25 ൽ 80 ലക്ഷം രൂപ ബജറ്റ് വകയിരുത്തിയതിൽ 101.66 ലക്ഷം രൂപ (കേന്ദ്ര വിഹിതം 61 ലക്ഷം, സംസ്ഥാന വിഹിതം 40.66 ലക്ഷം) നൽകി.

2025-26 ൽ 80 ലക്ഷം രൂപ ബജറ്റ് വകയിരുത്തിയതിൽ ആകെ 468.45 ലക്ഷം രൂപ (കേന്ദ്ര വിഹിതം 281.07 ലക്ഷം, സംസ്ഥാന വിഹിതം 187.38 ലക്ഷം) നൽകി.

**പരമ്പരാഗത സ്വർണ്ണപണിക്കാർക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലനം**

2023-24 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 20 ലക്ഷം രൂപയും വിതരണം ചെയ്തു.

**മുള മേഖലയ്ക്കായി മാറനല്ലൂരിൽ സ്ഥാപിക്കുന്ന പൊതു സേവന കേന്ദ്രം**

2023-24 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 200 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ വിതരണം ചെയ്തു.

പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായമായി 2021-2022 സാമ്പത്തികവർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ 15.53 കോടി രൂപ ബജറ്റ് വിഹിതത്തിൽ വകയിരുത്തുകയും അതിൽ നിന്ന് 8.387 കോടി രൂപ **പിന്നാക്ക വിഭാഗ വികസന വകുപ്പ്** മുഖാന്തിരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്

പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ 1.6 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 14 ലക്ഷം രൂപ **പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖാന്തിരം** ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്

**കയർ വ്യവസായവുമായി** ബന്ധപ്പെട്ട് 71226.31 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 42715.93 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് **ഖാദി വ്യവസായ**ത്തിന്റെ പുരോഗതിക്കായി 15280 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 9601.31 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. **കൈത്തറി** വ്യവസായവുമായി ബന്ധപ്പെട്ട് ഇക്കാലയളവിൽ 20988 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 12022.31ലക്ഷം രൂപ (അഡീഷണൽ

| | | | |
|---|---|---|---|
| | | | ഓതറൈസേഷൻ അടക്കം) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇക്കാലയളവിൽ 545 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതിൽ നിന്ന് 412.3645 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പനയോല, ഈറ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചുള്ള പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് ഈ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനും മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാരുടെയും വിദഗ്ധരുടേയും ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.<br><br>• മുള അധിഷ്ഠിത കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന പരിശീലനം.<br>• കരകൗശലക്കാരുടെ കഴിവുകൾ മനസിലാക്കി അനുയോജ്യമായ നൈപുണ്യ വികസനം/ ഉൽപ്പന്ന ഗുണമേന്മ എന്നിവ വർദ്ധിപ്പിക്കുന്ന തിനായുള്ള പരിശീലനം .<br>• പരിശീലകർക്കുള്ള പരിശീലന പരിപാടി.<br>• കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം.<br>• പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണത്തിനുള്ള പ്രോത്സാഹനം.<br>• മുള അനുബന്ധ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്ന തിനായി ദേശീയ അന്തർ ദേശീയ വിപണന മേളകളിൽ കരകൗശല ക്കാരെ പങ്കെടുപ്പിക്കൽ .<br>• വിവിധ ബോധവൽക്കരണ പരിപാടികൾ.<br><br>കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിലെ നാഷണൽ ബാംബൂ മിഷൻ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നത് ബാംബൂ ഡെവലപ്മെൻറ് ഏജൻസിയായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാംബൂ മിഷനാണ്. വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധരുടെയും സംരംഭകരുടെയും ജീവിത നിലവാരം ഉയർത്തുന്നതിനും മുളയും അനുബന്ധ മേഖലകളിലുള്ള സംരംഭകത്വ പ്രക്രിയയും പുതുമയും ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കേരളത്തിൽ സംസ്ഥാന ബാംബൂ മിഷൻ എൻ.ജി.ഒ/സൊസൈറ്റി/ ഗ്രൂപ്പുകൾ മുഖേന മുള കൊണ്ട് കരകൗശല വസ്തു |

| | | | |
|---|---|---|---|
| | | | നിർമ്മാണ മേഖലയിൽ വിവിധതരം പരിശീലന പരിപാടികൾ നൽകി വരുന്നു.<br><br>എല്ലാ വർഷവും ഡിസംബർ മാസത്തിൽ കൊച്ചിയിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചു വരുന്നു. മുളകരകൗശല പ്രവർത്തകർക്ക് അവരുടെ സ്വന്തം ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിനായുള്ള സൗകര്യം ഒരുക്കുക എന്നതാണ് ഈ മേളയുടെ പ്രധാന ലക്ഷ്യം. മുള അധിഷ്ഠിത ഉൽപ്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുള കരകൗശല തൊഴിലാളികൾ/ ഗ്രൂപ്പുകൾ/ എൻ.ജി.ഒ./സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവർ തുടർച്ചയായി കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുത്തു വരുന്നു. മുള വ്യവസായത്തെ പരമ്പരാഗതത്തിൽ നിന്നും സമകാലിക കാഴ്ചപ്പാടുകളിലേക്ക് മാറ്റാനും ആഗോള വിപണിയിൽ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാൻ അവരെ പ്രാപ്തരാക്കുവാനും ഇത് കരകൗശല വിദഗ്ധരെ സഹായിക്കുന്നു. 22-ാമത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം എറണാകുളം, കലൂർ ജവാഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ 2025 ഡിസംബർ മുതൽ 2026 ജനുവരി 1 വരെ സംഘടിപ്പിച്ചു. |
| (ഡി) | പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ മാറ്റുന്നതിനായി വനം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുമായി അഞ്ചു വർഷം കൂടുമ്പോൾ പുതുക്കി വരാറുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് വനങ്ങളിൽ നിന്നുള്ള ഈറ്റ ശേഖരണം നടത്തി വരുന്നത്. നിലവിലുണ്ടായിരുന്ന കരാർ 31.10.2025 ന് കാലാവധി പൂർത്തിയായിട്ടുണ്ട്. കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>പരമ്പരാഗത മേഖലയെന്ന നിലയിൽ ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് മുള, ഈറ്റ എന്നിവ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തരവും ആഗോളവുമായ വിപണികളിൽ വർദ്ധിച്ച സ്വീകാര്യത ലഭിച്ചുവരുന്ന സാഹചര്യത്തിൽ, മേന്മയേറിയ ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിനും വിപണനത്തിനും സർക്കാർ പ്രത്യേക പ്രാധാന്യം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ